# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2369** — **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 47 ഹൈടെക് കൂൺ കൃഷി യൂണിറ്റുകൾ ആരംഭിച്ചു കഴിഞ്ഞു. 43 യൂണിറ്റിന്റെ കൂടി നിർമ്മാണം നടന്നു വരുന്നു. |
| ബി) എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം കൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പമെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, വയനാട്, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. |
| സി) ഈ കൃഷി യൂണിറ്റുകൾക്ക് ആരുടെയൊക്കെ സാങ്കേതിക സഹായമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) കൃഷിഭവൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, കെ.വി.കെ, തുടങ്ങിയവയുടെ സാങ്കേതിക സഹായം ലഭ്യമാക്കുന്നു. കൂൺ കൃഷിയിൽ താൽപ്പര്യം ഉള്ളവർക്ക് കൂണിന്റെ ഉൽപാദനം, മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ വികസനം, കൂൺ വിത്തുൽപ്പാദനം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം നൽകി വരുന്നു |

s. [signature]

**സെക്ഷൻ ഓഫീസർ**